APJ ABDUL KALAM TECHNOLOGICAL UNIVERSITY
CET campus, Thiruvananthapuram - 695 016
Ph: 0471 2598122; Fax: 2598522 www.ktu.edu.in Email: university@ktu.edu.in

No. KTU/ASST(ACADEMIC)/3990/2017 Dated: 06.02.2018

From

The Dean (Academic)

To

The Principals of All Affiliated Colleges

Sir,

Sub:- KEAM 2017 - Students who quit B.Tech course on admission to Nursing / Para-medical Courses & Other courses due to shortage of credits for transfer to higher semesters - Exemption from payment of liquidated damages and Refund of tuition fee paid - Government Orders - Communicating of.

Ref:- 1. G.O. (Rt.) No. 29/2018/H.Edn dated 04.01.2018
2. G.O. (Ms.) No. 319/2017/H.Edn dated 29.12.2017

The Government vide the Order cited first above has exempted the students of B.Tech in Government / Aided / Government controlled self financing colleges who obtained TC after 15.08.2017 for joining Nursing / Para-medical courses from payment of liquidated damages. It has also been ordered that the tuition fee paid by such students will be refunded.

Government vide the Order read 2nd above has issued guidelines for the return of TC and waiver of liquidated damages in the case of students whoi discontinue their studies for want of credits required for registering in higher semesters.

The Principals concerned are requested to comply with the above directions. Copies of the G.O.s are attached for ready reference.

Yours faithfully
Dr. J. SREEKUMAR *
Dean (Academic)

* This is a computer system (Digital File) generated letter. Hence there is no need for a physical signature.

**കേരള സർക്കാർ**

<u>സംഗ്രഹം</u>

ഉന്നത വിദ്യാഭ്യാസ വകുപ്പ്- സാങ്കേതികം - 2017 ലെ എഞ്ചിനീയറിംഗ് പ്രവേശന നടപടികൾ അവസാനിപ്പിച്ച 15.08.2017 ന ശേഷം സംസ്ഥാനത്തെ എഞ്ചിനീയറിംഗ് കോളേജുകളിൽ നിന്നും വിടുതൽ വാങ്ങി പ്രവേശനപരീക്ഷാ കമ്മീഷണറുടെ അലോട്ട്മെന്റ് വഴി നഴ്സിംഗ്/പാരാമെഡിക്കൽ കോഴ്സുകളിലേയ്ക്ക് പ്രവേശനം നേടിയവരെ ലിക്വിഡേറ്റഡ് ഡാമേജസ് അടയ്ക്കുന്നതിൽ നിന്നും ഒഴിവാക്കി അവർ അടച്ച ഫീസ് തിരികെ നൽകുന്നതിന് നിർദ്ദേശം നൽകിക്കൊണ്ട്- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഉന്നത വിദ്യാഭ്യാസ (ജി) വകുപ്പ്**

**സ.ഉ.(സാധാ) നം:29/2018/ഉ.വി.വ തീയതി, തിരുവനന്തപുരം, 04.01.2018**

പരാമർശം: 1. 30.11.2017 ലെ സർക്കാർ ഉത്തരവ് (സാധാ) നം.2188/2017/ഉ.വി.വ.

2. പ്രവേശനപരീക്ഷാ കമ്മീഷണറുടെ 30.11.2017 ലെ റ്റി.എ 1 /5553/17/സി.ഇ.ഇ നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പരാമർശം (1)ലെ സർക്കാർ ഉത്തരവ് പ്രകാരം, 2017 അധ്യയന വർഷത്തെ എഞ്ചിനീയറിംഗ് പ്രവേശന നടപടികൾ അവസാനിപ്പിച്ച 15.08.2017 ന ശേഷം സംസ്ഥാനത്തെ എഞ്ചിനീയറിംഗ് കോളേജുകളിൽ നിന്നും വിടുതൽ വാങ്ങി അഖിലേന്ത്യാ തലത്തിൽ എഞ്ചിനീയറിംഗ്/മെഡിക്കൽ/മെഡിക്കൽ അനുബന്ധ കോഴ്സുകളിലേയ്ക്കും പ്രവേശനപരീക്ഷാ കമ്മീഷണറുടെ അലോട്ട്മെന്റ് പ്രകാരം മെഡിക്കൽ/മെഡിക്കൽ അനുബന്ധ കോഴ്സുകളിലേയ്ക്കും പ്രവേശനം ലഭിച്ച വിദ്യാർത്ഥികളെ KEAM 2017 പ്രോസ്പെക്ടസിലെ വ്യവസ്ഥകൾ പ്രകാരം അടയ്ക്കുവാൻ ബാധ്യസ്ഥമായ ലിക്വിഡേറ്റഡ് ഡാമേജസ് അടയ്ക്കുന്നതിൽ നിന്നും ഒഴിവാക്കിക്കൊണ്ടും, ഇവർ അടച്ച ട്യൂഷൻ ഫീസ് തിരികെ നൽകുന്നതിന് നിർദ്ദേശം നൽകിക്കൊണ്ടും, ഇതിനായി പ്രവേശനപരീക്ഷാ കമ്മീഷണറെ ചുമതലപ്പെടുത്തിയും ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. സർക്കാർ/എയ്ഡഡ്/സർക്കാർ നിയന്ത്രിത സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിൽ നിന്നും പ്രവേശന പരീക്ഷാ കമ്മീഷണറുടെ അലോട്ട്മെന്റ് വഴി നഴ്സിംഗ്/പാരാമെഡിക്കൽ കോഴ്സുകളിലേയ്ക്ക് പ്രവേശനം ലഭിച്ച പല വിദ്യാർത്ഥികളും തങ്ങളെ ലിക്വിഡേറ്റഡ് ഡാമേജസ് അടയ്ക്കുന്നതിൽ നിന്നും ഒഴിവാക്കുന്നതിനും തങ്ങൾ അടച്ച ട്യൂഷൻഫീസ് തിരികെ ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കണമെന്ന് അപേക്ഷിച്ചിട്ടുള്ള സാഹചര്യത്തിൽ ഇക്കാര്യം പരിഗണിച്ച് ഉത്തരവ് നൽകണമെന്ന് പരാമർശം (2) പ്രകാരം പ്രവേശനപരീക്ഷാ കമ്മീഷണർ അഭ്യർത്ഥിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പ്രവേശനപരീക്ഷാ കമ്മീഷണറുടെ അലോട്ട്മെന്റ് പ്രകാരം, 2017 അധ്യയന വർഷം, സംസ്ഥാനത്തെ എഞ്ചിനീയറിംഗ് കോളേജുകളിൽ പ്രവേശന നടപടികൾ പൂർത്തിയാക്കിയ 15.08.2017-ന ശേഷം പ്രവേശനപരീക്ഷാ കമ്മീഷണറുടെ അലോട്ട്മെന്റ് വഴി നഴ്സിംഗ്/പാരാമെഡിക്കൽ കോഴ്സുകളുലേയ്ക്ക് പ്രവേശനം നേടിയവരെ ലിക്വിഡേറ്റഡ് ഡാമേജസ് അടയ്ക്കുന്നതിൽ നിന്നും

ഒഴിവാക്കിക്കൊണ്ടും, അവർ അടച്ച ഫീസ് തിരികെ നൽകുന്നതിന് നിർദ്ദേശം നൽകിക്കൊണ്ടും, ഇതിനായി പ്രവേശനപരീക്ഷാ കമ്മീഷണറെ ചുമതലപ്പെടുത്തിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
**എ. ജയിംസ് രാജ്**
**ജോയിന്റ് സെക്രട്ടറി**

പ്രവേശനപരീക്ഷാ കമ്മീഷണർ, തിരുവനന്തപുരം.
സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
രജിസ്ട്രാർ, കേരള സാങ്കേതിക സർവ്വകലാശാല, തിരുവനന്തപുരം.
ഡയറക്ടർ, സെന്റർ ഫോർ കണ്ടിന്യൂയിംഗ് എഡ്യൂക്കേഷൻ കേരള, ചാരച്ചിറ,
കവടിയാർ പി. ഒ, തിരുവനന്തപുരം - 03.
ഡയറക്ടർ, എൽ.ബി.എസ് സെന്റർ ഫോർ സയൻസ് & ടെക്നോളജി,
തിരുവനന്തപുരം.
ഡയറക്ടർ, കോ-ഓപ്പറേറ്റീവ് അക്കാഡമി ഫോർ പ്രൊഫഷണൽ
എഡ്യൂക്കേഷൻ, തിരുവനന്തപുരം.
പ്രിൻസിപ്പൽ, ശ്രീചിത്തിര തിരുനാൾ കോളേജ് ഓഫ് എഞ്ചിനീയറിംഗ്,
തിരുവനന്തപുരം.
ഡയറക്ടർ ഓഫ് മെഡിക്കൽ എഡ്യൂക്കേഷൻ.
ആരോഗ്യകുടുംബക്ഷേമ വകുപ്പ്.
ഡയറക്ടർ, ഐ.എച്ച്.ആർ.ഡി, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം.
ഇൻഫർമേഷൻ ആഫീസർ, വെബ് & ന്യൂ മീഡിയ, വിവര-പൊതുജനസമ്പർക്ക വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം



സെക്ഷൻ ഓഫീസർ

**കേരള സർക്കാർ**

<u>സംഗ്രഹം</u>

ഉന്നത വിദ്യാഭ്യാസ വകുപ്പ് - പഠനം ഇടയ്ക്ക് വച്ച് നിർത്തിപോകുന്ന എഞ്ചിനീയറിംഗ് വിദ്യാർത്ഥികളിൽ നിന്നും ലികിഡേറ്റഡ് ഡാമേജസ് ഇനത്തിൽ തുക ഈടാക്കി വരുന്നത് ഒഴിവാക്കി അവർ അടച്ച ട്യൂഷൻ ഫീസ് തിരികെ നൽകുന്നത് സംബന്ധിച്ച വ്യവസ്ഥകൾ പ്രാബല്യത്തിൽ വരുത്തിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഉന്നത വിദ്യാഭ്യാസ (ജി) വകുപ്പ്**

**സ.ഉ.(കൈ)നം. 319/2017/ഉ.വി.വ        തീയതി, തിരുവനന്തപുരം, 29.12.2017**

---

പരാമർശം: 31/01/2017 ലെ സർക്കാർ ഉത്തരവ് (കൈ) നം.30/2017/ഉ.വി.വ.

**<u>ഉത്തരവ്</u>**

സംസ്ഥാനത്ത് എഞ്ചിനീയറിംഗ്/മെഡിക്കൽ കോഴ്സുകളിലേക്കുള്ള പ്രവേശനം നടത്തുന്നത്, സർക്കാർ അംഗീകരിച്ച, കേരള എഞ്ചിനീയറിംഗ്/ആർക്കിടെക്ചർ & മെഡിക്കൽ കോഴ്സ് (KEAM) പ്രോസ്പെക്ടസിലെ വ്യവസ്ഥകൾക്ക് വിധേയമായാണ്. പ്രസ്തുത കോഴ്സുകളിലേക്കുള്ള പ്രവേശനം പ്രവേശനപരീക്ഷാ കമ്മീഷണർ മുഖേനയാണ് നടത്തുന്നത്. പരാമർശം (1) ലെ ഉത്തരവ് പ്രകാരം സർക്കാർ അംഗീകരിച്ച KEAM 2017 പ്രോസ്പെക്ടസ് പ്രകാരം, എഞ്ചിനീയറിംഗ് പ്രവേശന നടപടികൾ പൂർത്തിയായ ശേഷം അഡ്മിഷൻ നേടിയ അതേ അധ്യയന വർഷം തന്നെ മറ്റ് കോഴ്സ്/കോളേജുകളിൽ ചേരാനോ മറ്റാവശ്യങ്ങൾക്കായോ ഇടയ്ക്ക് വച്ച് പഠനം നിർത്തിപോകുന്ന എഞ്ചിനീയറിംഗ് വിദ്യാർത്ഥികൾ 75,000/-രൂപ ലികിഡേറ്റഡ് ഡാമേജസ് ആയി നൽകേണ്ടതാണ്. വിദ്യാർത്ഥികളെ ആദ്യത്തെ അധ്യയന വർഷത്തിനുശേഷമാണ് വിടുതൽ ചെയ്യുന്നതെങ്കിൽ കോഴ്സിന്റെ മുഴുവൻ ഫീസും ഒടുക്കിയാൽ മാത്രമേ ടി. സി. യും അസൽ സർട്ടിഫിക്കറ്റും കോളേജധികൃതർ തിരികെ നൽകുകയുള്ളൂ. എന്നാൽ ധാരാളം വിദ്യാർത്ഥികൾക്ക് നിശ്ചിത ക്രെഡിറ്റ് നേടി അടുത്ത സെമസ്റ്ററുകളിലേക്ക് പ്രവേശനം ലഭിക്കാൻ കഴിയാതെ വരുന്ന സാഹചര്യത്തിൽ എഞ്ചിനീയറിംഗ് പഠനം തുടരാൻ കഴിയാത്ത സ്ഥിതിയും ഈ കുട്ടികൾക്ക് ലികിഡേറ്റഡ് ഡാമേജസ് അടയ്ക്കാത്തതിന്റെ പേരിൽ കോളേജധികൃതർ ടി. സി. യും അസൽ സർട്ടിഫിക്കറ്റും തിരികെ നൽകാത്ത സാഹചര്യവും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതു സംബന്ധിച്ച് നിരവധി നിവേദനങ്ങളും സർക്കാരിന് ലഭിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഈ വിഷയം സംബന്ധിച്ച് AICTE (All India Council for Technical Education) യുടെ അപ്രൂവൽ പ്രോസസ് ഹാൻഡ് ബുക്കിൽ (2017-18) നൽകിയിട്ടുള്ള നിർദ്ദേശങ്ങൾ പരിഗണിച്ച്, താഴെ കൊടുത്തിരിക്കുന്ന വ്യവസ്ഥകൾ പ്രാബല്യത്തിൽ വരുത്തിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു

i. 2017-18 അധ്യയന വർഷം മുതൽ പ്രവേശനം നേടിയവർക്ക് AICTE യുടെ അപ്രൂവൽ പ്രോസസ് ഹാൻഡ് ബുക്കിൽ (2017-18) നിർദ്ദേശിച്ചിട്ടുള്ള

........2

നിബന്ധനകൾ പ്രകാരം അടച്ച ഫീസും വിടുതൽ സർട്ടിഫിക്കറ്റും നൽകുന്നതാണ്.

ii. 2017-18 അധ്യയന വർഷത്തിന് മുമ്പ് പ്രവേശനം നേടിയവരിൽ ഇതിനകം വിടുതൽ സർട്ടിഫിക്കറ്റ് കൈപ്പറ്റിയവരുടെ വിഷയം ഇനി പുന:പരിശോധിക്കുന്നതല്ല. 2017-18 അധ്യയന വർഷത്തിന് മുമ്പ് പ്രവേശനം നേടിയവർ ഇനി വിടുതൽ സർട്ടിഫിക്കറ്റിന് അപേക്ഷിച്ചാൽ അവർക്ക് മുമ്പ് നിലവിലുണ്ടായിരുന്ന നിയമപ്രകാരമുള്ള ലിക്വിഡേറ്റഡ് ഡാമേജസ് അടയ്ക്കേണ്ടതില്ല. എന്നാൽ അവർക്ക് അതുവരെ അടച്ച ഫീസ് തിരികെ ലഭിക്കുന്നതിന് അർഹതയുണ്ടായിരിക്കില്ല.

iii. ഐ. എച്ച്. ആർ. ഡി യുടെ കീഴിലുള്ള കോളേജ് ഓഫ് അപ്ലൈഡ് സയൻസ്, പോളിടെക്നിക്ക് കോളേജ്, ടി.എച്ച്.എസ്.എസ് എന്നിവയിൽ പഠിക്കുന്ന കുട്ടികൾക്കും കൂടി മുകളിൽ പറഞ്ഞിട്ടുള്ള 1 മുതൽ 2 വരെയുള്ള നിബന്ധനകൾ ബാധകമായിരിക്കും.

iv. മേൽ വ്യവസ്ഥകൾ പ്രവേശനപരീക്ഷാ കമ്മീഷണർ മുഖേന പ്രവേശനം നടത്തുന്ന എല്ലാ സർക്കാർ, സർക്കാർ നിയന്ത്രിത സ്വാശ്രയ കോളേജുകൾ, എയ്ഡഡ് കോളേജുകൾ എന്നിവയ്ക്ക് ബാധകമായിരിക്കും.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

**എ. ജെയിംസ് രാജ്**
**ജോയിന്റ് സെക്രട്ടറി**

പകർപ്പ്

സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
കോളേജ് വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
പ്രവേശനപരീക്ഷാ കമ്മീഷണർ, തിരുവനന്തപുരം.
രജിസ്ട്രാർ, എ.പി.ജെ.അബ്ദുൾ കലാം ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി, തിരുവനന്തപുരം.
ഡയറക്ടർ, ഐ.എച്ച്.ആർ.ഡി, തിരുവനന്തപുരം.
ഡയറക്ടർ, കോ-ഓപ്പറേറ്റീവ് അക്കാഡമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷൻ (കേപ്പ്), വികാസ് ഭവൻ. പി.ഒ, തിരുവനന്തപുരം.
ഡയറക്ടർ, എൽ.ബി.എസ്, തിരുവനന്തപുരം.
രജിസ്ട്രാർ, കേരള സർവ്വകലാശാല, തിരുവനന്തപുരം/മഹാത്മഗാന്ധി സർവ്വകലാശാല, കോട്ടയം/കാലിക്കറ്റ് സർവ്വകലാശാല, മലപ്പുറം/കണ്ണൂർ സർവ്വകലാശാല, കണ്ണൂർ/കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് & ടെക്നോളജി, എറണാകുളം/കേരള യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് സയൻസസ്, തൃശ്ശൂർ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം.
ആരോഗ്യ കുടുംബക്ഷേമ വകുപ്പ്
പൊതുഭരണ (സ്പെഷ്യൽ സെൽ) വകുപ്പ്
ഇൻഫർമേഷൻ ആഫീസർ, വിവര-പൊതുജന സമ്പർക്ക വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ